

TUESDAY 22-11-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : Suraj S Editor : Dr Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/11/2022.

1. ഓയിൽപാം ഇന്ത്യ ലിമിറ്റഡിന്റെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഏരൂർ എസ്റ്റേറ്റിൽ സ്ഥാപിച്ചിട്ടുള്ള **ഹണി പ്രോസസിംഗ് യൂണിറ്റിന്റെ** ഉദ്ഘാടനം ഇന്ന് (നവംബർ 22) രാവിലെ എട്ടുമണിക്ക് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും.

2. കൃഷിവകുപ്പ് മന്ത്രിയും കൃഷിവകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക മേഖല കേന്ദ്രീകരിച്ച് ഫീൽഡ് തലത്തിൽ പ്രവർത്തിച്ച്, കർഷകരോട് നേരിട്ട് ഇടപെട്ട് അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹാരം കാണുകയും ചെയ്യുന്ന സംസ്ഥാനത്തെ രണ്ടാമത്തെ കൃഷിദർശൻ എന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം ഇന്നു മുതൽ 26 വരെ (നവംബർ 22 മുതൽ 26 വരെ) കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ ആരംഭിക്കുകയാണ്. ഇന്ന് (നവംബർ 22ന്) രാവിലെ 11.30 ന് കേരള നിയമസഭ സ്പീക്കർ അഡ്വക്കേറ്റ് എൻ എൻ ഷംസീർ ഉദ്ഘാടനം നിർവഹിക്കുന്ന കാർഷിക പ്രദർശനത്തോടെ കൃഷിദർശന് തുടക്കം കുറിക്കും. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണി, നവ സംരംഭക-നൂതന സാങ്കേതിക വിദ്യാപ്രദർശനം, കാർഷിക യന്ത്രവൽക്കരണ രംഗത്തെ നൂതന ആശയങ്ങൾ എന്നിവ ദൃശ്യമാക്കുന്ന അമ്പതോളം സ്റ്റാളുകൾ ഉണ്ടാകും. നവംബർ 24-ന് രാവിലെ 9 മണിക്ക് തലശ്ശേരി ബ്ലോക്കിലെ 9 കൃഷിഭവനുകൾ കേന്ദ്രീകരിച്ച് കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, കാർഷിക സർവകലാശാല കൃഷിശാസ്ത്രജ്ഞർ, മണ്ണ് പര്യവേഷണ വകുപ്പ് ഉദ്യോഗസ്ഥർ മുതലായവർ അടങ്ങിയ വിവിധ ടീമുകൾ സന്ദർശനം നടത്തും. അതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത കൃഷിയിടങ്ങൾ കൃഷിവകുപ്പ് മന്ത്രി സന്ദർശിക്കും. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ മേധാവികൾ, തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ, കൃഷി ഉദ്യോഗസ്ഥർ എന്നിവരുമായി കൃഷിമന്ത്രി കൂടിക്കാഴ്ച നടത്തും.

3. കേരള വെറ്ററിനറി സർവ്വകലാശാലയുടെ വെറ്ററിനറി കോളേജ് മണ്ണുത്തി ക്യാമ്പസ്സിൽ അത്യാധുനിക മിൽക്കിംഗ് പാർലർ, തീറ്റ നിർമ്മാണ നൈപുണ്യ പരിശീലന കേന്ദ്രം എന്നിവ മൃഗസംരക്ഷണ – ക്ഷീര വികസനവകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം നിർവഹിച്ചു. വെറ്ററിനറി സർവ്വകലാശാല വളർത്തു നായ്ക്കൾക്കായി ഗവേഷണങ്ങളിലൂടെ ചിട്ടപ്പെടുത്തിയ തീറ്റയുടെ വിപണനോദ്ഘാടനവും, സർവ്വകലാശാ

ലയുടെ പാക്കേജ് ഓഫ് പ്രാക്ടീസ് റെക്കമെന്റേഷൻസ് തുടങ്ങിയ വിവിധ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനവും തദവസരത്തിൽ നിർവ്വഹിക്കപ്പെട്ടു.

4. റബ്ബറധിഷ്ഠിതചെറുകിടവ്യവസായങ്ങൾ തുടങ്ങാൻ ജില്ലാ വ്യവസായകേന്ദ്രങ്ങൾ വഴി നൽകുന്ന ധനസഹായപദ്ധതികളെക്കുറിച്ചറിയാൻ റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് നവംബർ 23-ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ കോട്ടയം ജില്ലാവ്യവസായകേന്ദ്രത്തിലെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി നൽകും. കോൾസെന്റർ നമ്പർ **0481 2576622** ആണ്.

5. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് ആന്റ് പ്രോസ്സസിങ് ഡിവിഷനിൽ ഇലക്ട്രിക്കൽ വിഭാഗത്തിലേക്ക് 'എഞ്ചിനീയറിങ് ട്രെയിനി'യെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നു. അപേക്ഷകർക്ക് ഇലക്ട്രിക്കൽ വിഷയത്തിൽ എഞ്ചിനീയറിങ് ബിരുദവും പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം. 2022 ഡിസംബർ 01-ന് രാവിലെ 9 മണിക്ക് കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിൽ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി പ്രോസ്സസിങ് ആന്റ് ക്വാളിറ്റി കൺട്രോൾ ജോയിന്റ് ഡയറക്ടർ മുമ്പാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **04812353311** (എക്സ്റ്റൻഷൻ 236) എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

6. തിരുവനന്തപുരം വെള്ളനാട് മിത്രനികേതൻ കെവികെയിൽ ശീതകാല പച്ചക്കറിവിളകളുടെ പ്രോട്രേ തൈകൾ, തെങ്ങിന്റെ മണ്ടചീയൽ, ഓലകരിച്ചിൽ എന്നീ കുമിൾരോഗങ്ങളെ പ്രതിരോധിക്കുന്നതിന് ട്രൈക്കോഡെർമ കേക്ക്, വിളവെടുപ്പിന് പാകമാകുന്ന ചിപ്പിക്കൂൺ തടങ്ങൾ, വാഴക്കുല പൊതിയുന്ന കവർ, വാഴക്കുല പൊതിയുന്ന ഉപകരണം, മണ്ണിരക്കമ്പോസ്റ്റ്, മത്തിക്കഷായം, മുട്ടക്കഷായം, കൂണപജലം, പഞ്ചഗവ്യം എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **8281114479** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. കേരള കാർഷിക സർവകലാശാല, മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വിജ്ഞാന വ്യാപന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 30-ന് **മൈക്രോഗ്രീൻസ്** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിന് https://forms.gle/NkmmCiP1fzPQK7z89 എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ മാസം 25-ആണ് രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള അവസാന തീയതി.

8. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 23-ന് **താറാവ് വളർത്തൽ**, 26-ന് **ആട് വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **9188522708** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ **0484 2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. പത്തനംതിട്ട ജില്ലയിലെ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തിൽ ഇന്നും **നാളെയുമായി** (22/11/22, 23/11/22) രണ്ടു ദിവസത്തെ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **04734-299869, 9495390436, 9446453247** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

10. ശീതകാല പച്ചക്കറി വിളയായ സവാള കൃഷിയ്ക്കായി തയ്യാറെടുക്കുന്ന കർഷകർ 45 മുതൽ 60 ദിവസം പ്രായമായതും 0.6 സെ.മീ മുതൽ 0.8 സെ.മീ വരെ വണ്ണവും 15 സെന്റിമീറ്റർ വരെ ഉയരവും ഉള്ള തൈകൾ നഴ്സറിയിൽ നിന്നും പ്രധാന കൃഷിയിടത്തിലേക്ക് ഡിസംബർ ആദ്യ വാരത്തോടെ പറിച്ചു നടേണ്ടതാണ്. 15 സെന്റിമീറ്ററിനു മുകളിൽ ഉയരമുള്ള തൈകളുടെ തലപ്പ് നുള്ളി കൊടുത്തതിനു ശേഷം പറിച്ചു നടീലിനായി അവ ഉപയോഗിക്കുക. പകലിന്റെ ദൈർഘ്യവും ചൂടും കുറഞ്ഞു നിൽക്കുന്ന സമയത്താണ് സവാള പറിച്ചു നടേണ്ടത്. നടുന്ന സമയത്തു തണുപ്പ് കാലാവസ്ഥയും വിളവെടുപ്പിന്റെ സമയത്തു ചൂടുള്ള കാലാവസ്ഥയുമാണ് പൊതുവെ സവാള കൃഷിയ്ക്ക് ആവശ്യം.